**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

**പരിപത്രം**

നമ്പർ.42830/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 31/10/2016

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – വരൾച്ചാ പ്രതിരോധ - പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28.10.2016 തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ മിനിട്സ്

സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജല ഉപയോഗം കുറയ്ക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക. ജലം പാഴാക്കാതിരിക്കുക.
2) വെള്ളം ഉപയോഗിക്കുന്നതിന് ഈ മുൻഗണനാ ക്രമം പാലിക്കുക - കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തു മൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന്. ഈ ക്രമം 2017 മെയ് മാസം വരെ പാലിക്കുക.
3) പരമ്പരാഗത സ്ഥിര ജലസ്രോതസുകൾ ഇല്ലാത്ത ഗ്രാമങ്ങൾക്ക് വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകുക.
4) ജില്ലാ കളക്ടർമാർ അടിയന്തിരമായി ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ സാന്നിധ്യത്തിൽ വിളിക്കേണ്ടതും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഡെപ്യൂട്ടി കളക്ടർമാർക്ക് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി, ഓരോ താലൂക്കുകളുടെയും ചുമതല നൽകാവുന്നതാണ്.
5) ചില സ്ഥലങ്ങളിൽ നിയമവിരുദ്ധമായി ജലം ചോർത്തുന്നതായി കാണുന്നു. ഇത് തടയുന്നതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ പരിശോധനകൾ നടത്തേണ്ടതുണ്ട്. പൊതു ജനങ്ങളെ ഈ കാര്യത്തിൽ ബോധവൽക്കരിക്കേണ്ടതുമാണ്.
6) വരൾച്ചയെ കുറിച്ച് പൊതു ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. കൂടുതൽ ജല സംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. കുടിവെള്ളം ഒരു കാരണവശാലും വാഹനങ്ങൾ കഴുകുന്നതിനു ഉപയോഗിക്കരുത്. വെള്ളം പുനർ ഉപയോഗിക്കുന്നത് ഒരു സ്വഭാവം ആയി മാറ്റേണ്ടതുണ്ട്. ഉദാ: അടുക്കളയിൽ നിന്ന് പുറത്തു കളയുന്ന വെള്ളം ചെടികൾ നനയ്ക്കുന്നതിന് വിനിയോഗിക്കാം. ഇതിനാവശ്യമായ സന്ദേശങ്ങൾ ജല വിഭവ വകുപ്പ് പൊതുജന താല്പര്യാർത്ഥം നൽകേണ്ടതാണ്.
7) ദിനം പ്രതിയുള്ള മഴയുടെ അളവ്, ജല ലഭ്യത, താപനില എന്നിവ ജില്ലാ കളക്ടർ നിരീക്ഷിക്കേണ്ടതുണ്ട്.
8) സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ)

അതാത തദ്ദേശ ഭരണസ്ഥാപനങ്ങളോട് ആലോചിച്ചതിനു ശേഷം സ്ഥാപിക്കുക. ഇവയിലേക്ക് ജല അതോറിറ്റി സ്രോതസുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യമനുസരിച്ച് എത്തിക്കുക. ഒരു വാർഡിൽ ആവശ്യമില്ലെങ്കിൽ അതാതു തദ്ദേശ സ്വയംഭരണ പ്രദേശത്ത് മറ്റൊരു വാർഡിലേക്ക് മാറ്റിനൽകാവുന്നതാണ്. ടാങ്കർ ലോറിയിലൂടെയുള്ള ജല വിതരണം പരമാവധി ഈ കിയോസ്കുകളിലേക്ക് പരിമിതപ്പെടുത്തണം. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9.4 ഇൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന തുക ജില്ലാ നിർമിതി കേന്ദ്രത്തെയോ, വാട്ടർ അതോറിറ്റിയെയോ, പൊതുമരാമത്തു വകുപ്പിനെയോ ഉപയോഗിച്ച് കണക്കാക്കിയതിനു ശേഷം സർക്കാർ അനുമതിക്കായി സമർപ്പിക്കുക.

9) ഒരു പ്രദേശത്ത് ജല ലഭ്യത ഇല്ലാതാകുകയും, അത്തരം പ്രദേശത്ത് ശുദ്ധജല കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിലും അത്യാവശ്യമെങ്കിൽ മാത്രമേ ടാങ്കർ മുഖാന്തിരം ജല വിതരണം നടത്താൻ പാടുള്ളൂ. ജില്ലാ കളക്ടറുടെ ഉത്തരവിന് ശേഷമേ ടാങ്കർ ലോറിയുടെ സേവനം ലഭ്യമാക്കാവൂ, **ഓരോ വാഹനത്തിനും ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണ്.** ഈ ട്രിപ്പ് ഷീറ്റുകൾ തദ്ദേശ-സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജല വിതരണത്തിനായി ഉപയോഗിക്കുന്ന **ടാങ്കറുകളിൽ GPS ഘടിപ്പിച്ച്** ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം നിരീക്ഷിക്കുകയും, GPS-ൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രം യാത്രയ്ക്കുള്ള പണം നൽകുകയും ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ഇത് മാതൃകാ പരമായ രീതിയിൽ കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്നു. വരൾച്ച കുടിവെള്ള വിതരണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന പണത്തിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നടപ്പാക്കേണ്ടതാണ്.

10) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന നിർമാണ/മരാമത്തു പണികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി, കുടിവെള്ളം ഉറപ്പുവരുത്തുവാൻ നടത്താവുന്നതാണ്. ജില്ലാ കളക്ടർക്ക് രണ്ടു ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾവരെ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്താവുന്നതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 10%ൽ കൂടുതൽ ചിലവാക്കരുത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ 31-12-2016 നു മുൻപ് കർശനമായും തീർക്കേണ്ടതുമാണ്.

11) കേരളസംസ്ഥാന ജല വിതരണ നിയമം 2008, Sec 38 A (2), 46 (ബി), 52 (എ), 61 (എ) എന്നിവ പാലിക്കേണ്ടതാണ്. ഇത് നടപ്പിലാക്കേണ്ടതിനായി റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരിശോധന ടീമിനെ നിയമിക്കാവുന്നതാണ്.

12) സ്ഥിരം ജലസ്രോതസുകൾ മലിനമാക്കുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

13) ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ ആഴ്ചയും seoc.gok@gmail.com, sdmacontrolroom@gmail.com & revenuedmdk@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിലേയ്ക്ക് അയക്കേണ്ടതുമാണ്.

14) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കുപുറത്തുള്ള പദ്ധതികൾ അതാതു വകുപ്പുകൾ വഴി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഇത് ദുരന്തനിവാരണ വകുപ്പിന് ഒരു കാരണവശാലും സമർപ്പിക്കേണ്ടതില്ല.

15) തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. മലപ്പുറം ജില്ലയിൽ 2012-13 ലും വയനാട് ജില്ലയിൽ 2015-16 ലും നടപ്പിലാക്കിയ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. സംസ്ഥാന

ദുരന്തലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9-ൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

16) ജല വിതരണത്തിനായി ഉപയോഗിക്കുന്ന ജല സ്രോതസുകളിൽ '**<u>ജല മലിനീകരണം ഇല്ല</u>**' എന്ന് ഉറപ്പുവരുത്തേണ്ടതും, ഉപയോഗയോഗ്യമാണെന്ന് കേരള ജല അതോറിറ്റിയോ ഭക്ഷ്യ സുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

17) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ജലനിധിയും '<u>ജല ദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ ഭൂവുടമകളും ഭൂമി കിളച്ച് ഇളക്കിയിടുവാനും കരിയില ഇട്ടു ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക</u>' എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

18) വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജിതമായി നടത്തണം. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും, കനാൽ വൃത്തിയാക്കുവാനും, കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് നടത്തേണ്ടുന്നതാണ്. പുറമെ, പ്രാദേശികമായി സന്നദ്ധസംഘടനകളുടെയും (NSS, NCC, Scouts & Guides, Nehru Yuva Kendra etc), ക്ലബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

19) സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ തന്നെ പണം ചിലവഴിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതിനാവശ്യമായ പണം അതാത് വകുപ്പുകൾ ഉടൻ ലഭ്യമാക്കേണ്ടതാണ്. എല്ലാ വകുപ്പുകളും ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

20) ഭൂഗർഭ ജലവിനിയോഗം 75% കുറയ്ക്കുവാനുള്ള കർശന നിർദേശം ദുരന്ത നിവാരണ നിയമം (2005) സെക്ഷൻ 34 (ജെ) പ്രകാരം എല്ലാ ഭൂഗർഭ ജല വിനിയോഗ വ്യവസായങ്ങൾക്കും നല്കേണ്ടതും, ഇത് നടപ്പിലാക്കുന്നുണ്ടെന്ന് ഭൂജല വകുപ്പ് ഉറപ്പുവരുത്തേണ്ടുന്നതുമാണ്.

21) ഭൂഗർഭ ജലവിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാൻ കൃഷി വകുപ്പ് കൃഷിക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. കുടിവെള്ളത്തിന് ജല സേചനത്തെക്കാൾ മുൻഗണന നൽകേണ്ടതുണ്ട്.

22) കനാൽ മാർഗമുള്ള ജലസേചനത്തിനു മുമ്പായി ജലസേചന വകുപ്പ്, ഭൂഗർഭ ജല വകുപ്പ്, കേരള ജല അതോറിറ്റിയുമായി ആലോചിച്ച് അവരുടെകൂടെ സമ്മതത്തോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ.

23) ജില്ലാ വിദ്യാഭ്യാസ ഓഫീസർ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ചു കൂട്ടേണ്ടതും കുട്ടികളെ വരൾച്ചയെ കുറിച്ചും, സൂര്യാഘാതം, താപാഘാതം എന്നിവയെ കുറിച്ചും ബോധവൽക്കരിക്കേണ്ടതുണ്ട്. ഇതിനായി ഭൂമി ശാസ്ത്ര/പരിസ്ഥിതി ശാസ്ത്ര അധ്യാപകനെയോ/ അധ്യാപികയെയോ ചുമതലപ്പെടുത്താവുന്നതാണ്.

24) മൃഗ സംരക്ഷണ വകുപ്പും, ക്ഷീര വികസന വകുപ്പും വരൾച്ചാ പ്രദേശങ്ങളെ മനസ്സിലാക്കുകയും വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ജല വിതരണത്തിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

25) വനം-വന്യജീവി വകുപ്പ്, വന്യ ജീവികൾക്ക് ആവശ്യമായ ജല ലഭ്യത ഉണ്ടെന്നു ഉറപ്പാക്കേണ്ടതും മനുഷ്യ-മൃഗ സംഘർഷങ്ങൾ ഒഴിവാക്കേണ്ടതും ആണ്.

26) എല്ലാ ജില്ലയിലും ജില്ലാ കളക്ടർമാർ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഓരോ ജില്ലയുടെയും വ്യത്യസ്തമായ സ്ഥിതി പരിഗണിച്ചു കൊണ്ടും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന <u>സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ</u>

തുകയ്ക്കുള്ളിൽ നിന്നുകൊണ്ട്, മേൽ നിർദേശങ്ങൾക്ക് അനിവാര്യമായ ഭേദഗതികൾ ജില്ലാ കളക്ടർക്ക് വരുത്താവുന്നതാണ്.

മേൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതാത് ജില്ലകൾക്ക് അനുയോജ്യമായ രീതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കാര്യത്തിൽ ജില്ലാകളക്ടർമാർ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്. മേൽ പ്രതിപാദിച്ചവയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ പ്രവൃത്തികൾക്ക് പ്രത്യേകമായി പണം അനുവദിക്കുന്നതായിരിക്കും.

**പി.എച്ച് കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ഗവ.സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം. പൊതു ഭരണം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - കെ1, കെ2, കെ4) സീറ്റുകൾക്ക് (അവശ്യ നടപടിക്കായി)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ